പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6976 — 13.7.2012 ന് മറുപടിയ്ക്ക്

*വൈക്കത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷമായി മന്ദഗതിയിലായിരുന്ന 'മോഡ്യുലാർ എംപ്ലോയബിൾ സ്കിൽസ് ' പ്രകാരമുള്ള പരിശീലന പദ്ധതി പുനർജീവിപ്പിച്ച് വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡറുകൾ വഴി പരിശീലനം നലകി വരുന്നു. കൂടാതെ നോർക്കാ റൂട്ട്സിന്റെ സഹകരണത്തോടെ തൊഴിൽ വൈദഗ്ധ്യ പരിശീലനം സംസ്ഥാനത്തെ 21 ഐ.ടി.ഐ. കൾ വഴി നൽകി വരുന്നു. 2012 ജൂലൈ മുതൽ ടി പദ്ധതി വിപുലീകരിക്കുന്നതിന് 119 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യതയുള്ള 'സെക്യൂരിറ്റി ഗാർഡ്', 'ഹോം നഴ്സ് ' എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ജനങ്ങളിൽ തൊഴിൽ പരിശീലനത്തെപ്പറ്റി അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ. കളെപ്പറ്റിയും അവിടെ നൽകുന്ന പരിശീലനത്തെപ്പറ്റിയും പ്രതിപാദിക്കുന്ന ബുക്ക് ലെറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങി എന്നും ആയത് എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ; | (ബി) 2011-12 വർഷം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ഒരു ഐ.ടി.ഐ. ആരംഭിച്ചു. വിവിധ മേഖലകളിലെ നൂതനമായ തൊഴിൽ ആവശ്യങ്ങൾക്ക് അനുയോജ്യമായ പരിശീലനം നൽകാൻ ലക്ഷ്യംവച്ച് കേരളാ അക്കാഡമി ഫോർ സ്കിൽ എക്സലൻസ് എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ട്. |
| (സി) വൈക്കത്ത് ഐ. റ്റി. ഐ. പോലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | (സി) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ